# കൃഷിവകുപ്പ് ജീവനക്കാർ പ്രക്ഷോഭത്തിൽ

- കൃഷി വകുപ്പിലെ ക്രമവിരുദ്ധ സ്ഥലംമാറ്റങ്ങൾ റദ്ദാക്കുക; സ്ഥലംമാറ്റങ്ങൾക്ക് അംഗീകൃത മാനദണ്ഡങ്ങൾ പാലിക്കുക.
- കൃഷി വകുപ്പിലെ പ്രമോഷനുകൾക്കുള്ള കാലതാമസം ഒഴിവാക്കുക; അനർഹമായ പ്രമോഷൻ ഉത്തരവുകൾ റദ്ദാക്കുക.
- കൃഷിവകുപ്പിൽ സ്റ്റേറ്റ്–സബോഡിനേറ്റ് സ്പെഷ്യൽറൂൾസ് രൂപീകരിക്കുക.
- കാർഷികമേഖല തകർക്കുന്ന സർക്കാർ നയം തിരുത്തുക.

# പ്രതിഷേധദിനം

## 17.08.2012 (വെള്ളി) ചിങ്ങം 1

സുഹൃത്തേ,

കൃഷിവകുപ്പ് ജീവനക്കാരുടെവിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർവ്വീസ് സംഘടനകൾ കഴിഞ്ഞ കുറേ നാളുകളായി തുടർച്ചയായി പ്രക്ഷോഭത്തിലാണ്. എന്നാൽ ജീവനക്കാർ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങളോട് സർക്കാർ നിഷേധാത്മകമായ നിലപാട് തുടരുകയാണ്. ഈ സാഹചര്യത്തിൽ ശക്തമായ പ്രക്ഷേഭങ്ങളുമായി മുന്നോട്ടു പോകാൻ സർവ്വീസ് സംഘടനകൾ നിർബന്ധിതമായിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച് ജീവനക്കാരെ തലങ്ങും വിലങ്ങും സ്ഥലംമാറ്റുന്നതിനെതിരെ ശക്തമായ പ്രക്ഷോഭമാണ് സർവ്വീസ് സംഘടനകൾ സംഘടിപ്പിച്ചിട്ടുള്ളത്. എന്നാൽ ക്രമവിരുദ്ധമായ സ്ഥലംമാറ്റങ്ങൾ റദ്ദുചെയ്യുന്നതിനോ, അർഹരായ ജീവനക്കാർക്ക് അവരുടെ അപേക്ഷപ്രകാരം സ്ഥലംമാറ്റങ്ങൾ നൽകുന്നതിനോ സർക്കാർ തയ്യാറായിട്ടില്ല. മാത്രമല്ല മറ്റു താല്പര്യങ്ങൾക്കായി ക്രമവിരുദ്ധമായ സ്ഥലംമാറ്റ ഉത്തരവുകൾ ദിവസവും ഇറക്കുകയാണ്.

ജീവനക്കാർക്ക് ലഭിക്കേണ്ട പ്രമോഷനുകൾ നൽകുന്നതിൽ വലിയ കാലതാമസമാണ് ഉണ്ടാകുന്നത്. അതേടൊപ്പം നിലവിലുള്ള ഉത്തരവുകൾ ദുർവ്യാഖ്യാനം ചെയ്തും ലംഘിച്ചും അനർഹരായ ജീവനക്കാർക്ക് പ്രമോഷൻ നൽകുകയും ചെയ്യുന്നു. സർവ്വീസ് സംഘടനകളുമായി മുഖ്യമന്ത്രിയും കൃഷിമന്ത്രിയും നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾക്ക് വിരുദ്ധമായി 26 കൃഷി അസിസ്റ്റന്റുമാരെ ബൈട്രാൻസ്ഫർ നിയമനം വഴി കൃഷി ഓഫീസർമാരാക്കിയിരിക്കുകയാണ്. കൃഷി ബിരുദധാരികളായ കൃഷി അസിസ്റ്റന്റുമാർക്ക് അർഹമായി ലഭിക്കേണ്ട 2 ശതമാനം ക്വാട്ട അധികരിച്ചാണ് ഈ തീരുമാനം എടുത്തിരിക്കുന്നത്. സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് സർക്കാർ എടുത്ത തീരുമാനം മറ്റു താൽപര്യങ്ങൾക്ക് വിധേയമായി ലംഘിച്ചത് ജീവനക്കാരോടുള്ള വെല്ലുവിളിയാണ്. കഴിഞ്ഞ ശമ്പളക്കമ്മീഷൻ കൃഷി ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള 3:1 റേഷ്യോ പ്രമോഷൻ ഇതുവരെ നടപ്പാക്കിയിട്ടില്ല. മാത്രമല്ല, റേഷ്യോ കണക്കാക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് പ്രമോഷൻ തസ്തികകളുടെ എണ്ണം കുറയ്ക്കുവാനാണ് സർക്കാർ ശ്രമം. ഉയർന്ന തസ്തികകളിലേക്കുള്ള പ്രമോഷൻ പ്രപ്പോസലുകൾ മാസങ്ങളോളം താമസിപ്പിച്ച ശേഷമാണ് ഉത്തരവ് പുറപ്പെടുവിക്കുന്നത്. പ്രമോഷനുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുകയും മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കപ്പെടുകയും വേണം.

പതിനായിരത്തിലധികം വരുന്ന ടെക്നിക്കൽ–അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാർ ജോലി ചെയ്യുന്ന കൃഷിവകുപ്പിൽ ഇതുവരെ സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടില്ല. കൃഷിവകുപ്പിൽ നിയമനങ്ങളും പ്രമോഷനുകളും നിലവിൽ എക്സിക്യൂട്ടിവ് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. ഇത് പലപ്പോഴും അനർഹമായ പ്രമോഷനുകൾക്കും അനാവശ്യമായ തർക്കങ്ങൾക്കും കാരണമാവുന്നു. ഈ സാഹചര്യത്തിൽ കൃഷിവകുപ്പിൽ സ്റ്റേറ്റ്–സബോഡിനേറ്റ് സർവ്വീസുകൾക്ക് സ്പെഷ്യൽ റൂൾസ് സർക്കാർ ഉടൻ രൂപീകരിക്കണം.

രാജ്യത്ത് നടപ്പാക്കിവരുന്ന നയങ്ങൾ കാർഷികമേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഇതിനെ ഒരു പരിധിവരെയെങ്കിലും മറികടക്കുന്നതിന് വിവിധതലത്തിൽ പ്രവർത്തിക്കുന്ന സർക്കാരുകളുടെയും ഏജൻസികളുടെയും ശക്തമായ പിൻതുണ അനിവാര്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടത്തിയ ക്രിയാത്മകമായ ഇടപെടലുകൾ സംസ്ഥാനത്തിന്റെ കാർഷികമേഖലയിൽ ഉണർവ്വുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. പ്രാദേശിക സാഹചര്യങ്ങളും ആവശ്യങ്ങളും പരിഗണിച്ച് രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന വികേന്ദ്രീകൃതാസൂത്രണ

പദ്ധതികൾ മുൻകാലങ്ങളിൽ കാർഷികമേഖലയുടെ വളർച്ചയ്ക്ക് നിർണ്ണായകപങ്കാണ് വഹിച്ചിട്ടുള്ളത്. എന്നാൽ ഉല്പാദനമേഖലയ്ക്ക് 40 ശതമാനം നിർബന്ധമായി മാറ്റിവയ്ക്കണമെന്നുള്ള നിബന്ധന 12-ാം പദ്ധതി മാർഗ്ഗരേഖയിൽ ഒഴിവാക്കിയിരിക്കുന്നു. ഇത് കർഷകരെ ആശങ്കയിലാക്കുന്ന നടപടിയാണ്. ഇതോടൊപ്പം നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിൽ വരുത്തുന്ന മാറ്റങ്ങൾ നിലവിലുള്ള നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തപ്പെടുന്നതിനും ഭൂമാഫിയകളുടെ കൈകളിൽ എത്തുന്നതിനും ഇടയാക്കും. തോട്ടംമേഖലയിൽ 5 ശതമാനം ഭൂമി മാറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്ന നിർദ്ദേശവും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. പരമ്പരാഗതമായി കൃഷിചെയ്തുവരുന്ന കർഷകർക്കുള്ള ആനുകൂല്യങ്ങൾ പരമിതപ്പെടുത്തിക്കൊണ്ട് സർക്കാർ നടപ്പാക്കാനാരംഭിച്ചിട്ടുള്ള ഹൈടെക് കൃഷി, കോൺട്രാക്ട് ഫാമിംഗ് തുടങ്ങിയ പദ്ധതികൾ സാധാരണ കർഷകരിൽ വലിയ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. രാസവളങ്ങളും വൈദ്യുതിയുമടക്കമുള്ള ഉല്പാദനോപാധികളുടെ വില വർദ്ധനവും കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതും കാലാവസ്ഥാ വ്യതിയാനവും കൊണ്ട് ദുരിതത്തിലായ കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കുന്ന സർക്കാരിന്റെ ഇത്തരം നയങ്ങൾ തിരുത്തപ്പെടണം.

ഈ സാഹചര്യത്തിലാണ് കൃഷിവകുപ്പിൽ പ്രവർത്തിക്കുന്ന സർവ്വീസ് സംഘടനകൾ മേൽപറഞ്ഞ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തുടർപ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി കർഷകദിനമായ 17.08.2012 (വെള്ളി) ബാഡ്ജ് ധരിച്ചുകൊണ്ട് പ്രതിഷേധദിനമായി അചരിക്കുന്നതിനും അന്നേദിവസം ഉച്ചയ്ക്ക് എല്ലാ പ്രിൻസിപ്പൽ കൃഷി ഒഫീസുകൾക്കു മുന്നിലും പ്രതിഷേധപ്രകടനം നടത്തുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. ബാഡ്ജ്ധാരണത്തിലും പ്രതിഷേധപ്രകടനത്തിലും മുഴുവൻ ജീവനക്കാരും പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ

എ. ശ്രീകുമാർ, ജനറൽ സെക്രട്ടറി, കേരള എൻ.ജി.ഒ. യൂണിയൻ
സി. ആർ ജോസ് പ്രകാശ്, ജനറൽ സെക്രട്ടറി, ജോയിന്റ് കൗൺസിൽ
കെ. ശിവകുമാർ, ജനറൽ സെക്രട്ടറി, കെ.ജി.ഒ.എ.
ഡോ. വി. സുനിൽകുമാർ, ജനറൽ സെക്രട്ടറി, കെ.ജി.ഒ.എഫ്.
വി. ശിവൻപിള്ള, ജനറൽ സെക്രട്ടറി, കെ.എ.ടി.എസ്.എ.

തിരുവനന്തപുരം,
04.08.2012